# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.714 — 27.04.2017 ന് മറുപടിയ്ക്ക്.

## ആനകൾ ചരിയുന്നതായ റിപ്പോർട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വേനൽ രൂക്ഷമായതോടെ വെള്ളവും ഭക്ഷണവും യഥാസമയം ലഭിക്കാതെയും മറ്റ് ദുരൂഹ സാഹചര്യങ്ങളിലും ആനകൾ ചരിയുന്നതായ റിപ്പോർട്ടുകൾ വരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) വേനൽ രൂക്ഷമായതോടെ വെള്ളവും ഭക്ഷണവും യഥാസമയം ലഭിക്കാതെ സംസ്ഥാനത്ത് ആനകൾ ചരിയുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കടുവയുടെ ആക്രമണം, ആനകളുടെ പരസ്പരമുള്ള ആക്രമണം, സ്വാഭാവിക മരണം, വൈദ്യുതാഘാതം എന്നിവ മൂലം കാട്ടാനകൾ ചരിഞ്ഞതായിട്ടുള്ള റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. |
| (ബി)എങ്കിൽ എത്ര ആനകൾ കഴിഞ്ഞ 6 മാസത്തിനിടയിൽ സംസ്ഥാനത്ത് ചരിയുകയുണ്ടായെന്നും ഇവ ഏതൊക്കെ ഫോറസ്റ്റ് റേഞ്ചിൽ ഉൾപ്പെട്ടവയാണെന്നും വ്യക്തമാക്കുമോ ; | (ബി) വേനൽ രൂക്ഷമായതോടെ വെള്ളവും ഭക്ഷണവും യഥാസമയം ലഭിക്കാതെയും മറ്റ് ദുരൂഹ സാഹചര്യങ്ങളിലും ആനകൾ ചരിയുന്നതായ റിപ്പോർട്ടുകൾ ഇല്ലായെങ്കിലും ഉത്തരം (എ)യിൽ പറഞ്ഞിരിക്കുന്ന മറ്റ് കാരണങ്ങളാൽ കഴിഞ്ഞ 6 മാസത്തിനിടയിൽ സംസ്ഥാനത്ത് വിവിധ ഫോറസ്റ്റ് റേഞ്ചുകളിൽ ചരിഞ്ഞ ആനകളുടെ എണ്ണം റേഞ്ച് തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | റെയിഞ്ച് | ചരിഞ്ഞ ആനകളുടെ എണ്ണം |
|---|---|---|
| 1 | ശെന്തുരുണി | 1 |
| 2 | പത്തനാപുരം | 1 |
| 3 | അഴുത | 1 |
| 4 | ഇടുക്കി | 2 |
| 5 | പാലപ്പിള്ളി | 1 |
| 6 | വെള്ളിക്കുളങ്ങര | 1 |
| 7 | വാഴച്ചാൽ | 2 |
| 8 | ആതിരപ്പിള്ളി | 2 |
| 9 | കാലടി | 1 |
| 10 | കോടനാട് | 1 |
| 11 | ഇടമലയാർ | 1 |

| | | |
|---|---|---|
| 12 | കട്ടംപുഴ | 1 |
| 13 | കാളികാവ് | 2 |
| 14 | കരുളായ് | 2 |
| 15 | അഗളി | 1 |
| 16 | അട്ടപ്പാടി | 1 |
| 17 | വഴിക്കടവ് | 2 |
| 18 | എടവണ്ണ | 1 |
| 19 | മുത്തങ്ങ | 2 |
| 20 | കുറിച്ചിയാട് | 3 |
| 21 | തോൽപ്പെട്ടി | 4 |
| 22 | സുൽത്താൻ ബത്തേരി | 5 |
| 23 | ചെതലത്ത് | 1 |
| 24 | കൊട്ടിയൂർ | 1 |
| 25 | പെരുവണ്ണാമുഴി | 1 |
| | **ആകെ** | **41** |

(സി) ഇതിനു പരിഹാരമായി ആനകൾ അടക്കമുള്ള വന്യജീവികൾക്ക് കാട്ടിൽ വെള്ളവും ഭക്ഷണവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ വന്യമൃഗങ്ങൾക്ക് ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കാട്ടിനുള്ളിൽ കുളങ്ങൾ, വയലുകൾ, നീർത്തടങ്ങൾ, ചെക്ക്ഡാമുകൾ എന്നിങ്ങനെയുള്ള 1500-ഓളം ജലസ്രോതസ്സുകളുടെ നവീകരണം നടത്തി പരിപാലിച്ചു വരുന്നു. കൂടാതെ വനത്തിനുള്ളിൽ ടാങ്കുകളിൽ വെള്ളം എത്തിച്ച് കുളങ്ങളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വന്യമൃഗങ്ങൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വനത്തിനുള്ളിൽ മുള, ഈറ്റ, ഫലവൃക്ഷതൈകൾ എന്നിവ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ